**ആരോഗ്യവകുപ്പ് ഡയറക്ടറുടെകാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ജീവനക്കാര്യം - ഡോ മേഘ മോഹൻ (Dr Megha Mohan PEN 934381) , അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. DMOH-KNR/5868/2025-A5 തീയതി 29.10.2025

2. കാരണം കാണിക്കൽ നോട്ടീസ് നം DHS/30781/2025-EA4 തീയതി 06.01.2026

3. ഡോ മേഘ മോഹൻ സമർപ്പിച്ച അപേക്ഷ തീയതി 02.01.2026

**ഉത്തരവ് നം. DHS/30781/2025-EA4 തീയതി.02-03-2026**

ഡോ മേഘ മോഹൻ (Dr Megha Mohan PEN 934381) 08.06.2022 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചു. കണ്ണൂർ മുഴുപ്പിലങ്ങാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്തു വരവെ 24.09.2025 പൂർവാഹ്നം മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതായി ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയാത്തതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19(a) (ii) പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി താത്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് ടിയാൾ കൈപ്പറ്റിയ അക്നോളഡ്ജ്മെന്റ് കാർഡ് തപാൽ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത നോട്ടീസിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല. എന്നാൽ വ്യക്തിപരമായ കാരണങ്ങളാൽ സേവനത്തിൽ നിന്നും രാജി വയ്ക്കുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ 19.01.2026 തീയതി ടി കാര്യാലയത്തിൽ ലഭ്യമായിരുന്നു.

(2). ഡോ മേഘ മോഹൻ സമർപ്പിച്ച പരാമർശം (3) ലെ അപേക്ഷ വിശദമായി പരിശോധിച്ചു. 24.09.2025 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നിരുന്ന ഡോ മേഘമോഹൻ 02.01.2026 തീയതിയിലാണ് സേവനത്തിൽ നിന്നും രാജി വയ്ക്കുന്നതിന് ഉചിതമാർഗേന അല്ലാതെ അപേക്ഷിച്ചത്. ടി അപേക്ഷ പരിഗണിക്കുന്നതിന് നിർവ്വാഹമില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ 24.09.2025 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ മേഘ മോഹൻ അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ മേഘ മോഹൻ (Dr Megha Mohan PEN 934381) അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 02-03-2026
14:46:43

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ഡോ മേഘമോഹൻ,
അസിസ്റ്റന്റ് സർജൻ, കുടുംബാരോഗ്യ കേന്ദ്രം മുഴുപ്പിലങ്ങാട്,
കണ്ണൂർ. (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
   തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

കണ്ണൂർ.

3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

കുടുംബാരോഗ്യ കേന്ദ്രം മുഴുപ്പിലങ്ങാട്,

കണ്ണൂർ.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ

.